## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2662

09-03-2017 ൽ മറുപടിയ്ക്ക്

## കുറ്റ്യാടി മണ്ഡലത്തിലെ വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്നതിനുള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | വരൾച്ച നേരിടുന്നതിനായി കുറ്റ്യാടി നിയോജക മണ്ഡലത്തിൽ എന്തെങ്കിലും പ്രത്യേക പദ്ധതികൾക്ക് ജലവിഭവ വകുപ്പ് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | **ജലസേചന വകുപ്പ്**<br>കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പ് നിലവിലുള്ള പദ്ധതികളിലൂടെ വരൾച്ച നിവാരണത്തിനുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br>**ഭൂജല വകുപ്പ്**<br>കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് രാജീവ്ഗാന്ധി പദ്ധതിയിൻ കീഴിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 14 കുഴൽകിണർ കൈപമ്പുകളുടെ അറ്റകുറ്റപണികൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഇതിൽ ഒരെണ്ണം പൂർത്തിയായി.<br>**ജലനിധി**<br>ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി മണിയൂർ ആയഞ്ചേരി, പുറമേരി, വല്യാപ്പള്ളി ഗ്രാമപഞ്ചായത്തുകളെ നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുണ്ട്. വരൾച്ചയെ നേരിടുന്നതിനുള്ള അടിയന്തിര നടപടി എന്ന നിലയിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് കൂടി രൂപം നൽകിയിട്ടുണ്ട്.<br>1. പൂർത്തീകരണഘട്ടത്തിലുള്ള 10 പദ്ധതികൾ മാർച്ച് മെയ് മാസങ്ങളിലായി കമ്മീഷൻ ചെയ്ത് [illegible] വീടുകൾക്കും കടിവെള്ളം എത്തിക്കുക,<br>2. സ്രോതസ്സിന്റെയും, ജലസംഭരണികളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും പൈപ്പുകൾ സ്ഥാപിച്ച് വരുന്നതുമായ പദ്ധതികൾക്ക് എത്രയും വേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും ജലവിതരണം നടത്തുക, |

| | | | |
|---|---|---|---|
| | | | 3. ജലസംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജലവിനിയോഗം നിയന്ത്രിച്ചും. ജലദുരുപയോഗം തടഞ്ഞും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br><br>**<u>കേരള ജല അതോറിറ്റി</u>**<br><br>2016-2017 ലെ പുതുക്കിയ ബജറ്റിൽ ജലചോർച്ച തടയാനായി 'പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br>1. വേളം കുടിവെള്ള പദ്ധതി - പഴക്കം ചെന്നതും കേടായതുമായ എ.സി.പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 180 ലക്ഷം രൂപ.<br>2. ഓഞ്ചിയം, ചോറോട്, ഏറമല, വില്ല്യാപ്പള്ളി വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി - പഴക്കം ചെന്നതും കേടായതുമായ എ.സി.പൈപ്പുകൾ എടച്ചേരി ജംഗ്ഷൻ മുതൽ അമരാവതി സബ് വരെ മാറ്റി സ്ഥാപിക്കൽ - 440 ലക്ഷം രൂപ. |
| (ബി) | ജലവിഭവ വകുപ്പിനു കീഴിൽ മണ്ഡലത്തിൽ ഇപ്പോൾ നടന്നു വരുന്ന പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | **<u>ജലസേചന വകുപ്പ്</u>**<br><br>Project Maintenance Fund ൽ ഭരണാനുമതി ലഭിച്ച മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറ എൽ.ഐ.സ്കീമിന്റെ ഫീൽഡ് ചാനൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br><br>**<u>ജലനിധി</u>**<br><br>മണിയൂർ, ആയഞ്ചേരി. പുറമേരി. വല്യാപ്പള്ളി ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ള 113 സ്കീമുകളിൽ 110 എണ്ണത്തിന് സാങ്കേതികാനുമതി നൽകുകയും 19 സ്കീമുകൾ കമ്മീഷൻ ചെയ്യുകയും ഉണ്ടായിട്ടുണ്ട്. ഇതിലൂടെ 1072 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നു.<br><br>**<u>കേരള ജല അതോറിറ്റി</u>**<br><br>തിരുവള്ളൂർ പഞ്ചായത്തിലെ കയ്യാനകന്നത്ത് കുടിവെള്ള പദ്ധതി MPLAD ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടങ്കൽ തുക 34.30 ലക്ഷം രൂപയാണ്. |

| | | | |
|---|---|---|---|
| (സി) | ഭരണാനുമതിയ്ക്കായി സമർപ്പിക്കപ്പെട്ട പദ്ധതികൾ ഉണ്ടോ; എങ്കിൽ ഏതൊക്കെ; | (സി) | **ജലസേചന വകുപ്പ്**<br>ഉണ്ട്. കുറ്റ്യാടി പുഴയിലെ പെരിഞ്ചേരിക്കടവ് എന്ന സ്ഥലത്ത് ഒരു റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 57.50 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.<br>**ജലനിധി**<br>വല്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും താഴെപ്പറയുന്ന 2 സ്കീമുകൾ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br>1. കീഴാൻ പുണ്യത്ത്<br>2. കൂറ്റപ്പച്ചാൻകുന്നു<br>**കേരള ജല അതോറിറ്റി**<br>2016-2017 ലെ പുതുക്കിയ ബജറ്റിൽ ജലചോർച്ച തടയാനായി പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് :-<br>1. വേളം കുടിവെള്ള പദ്ധതി - (പഴക്കം ചെന്നതും കേടായതുമായ എ.സി.പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 180 ലക്ഷം രൂപ)<br>2. ഓഞ്ചിയം, ചോറോട്, ഏറാമല, വില്ല്യാപ്പള്ളി വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി - പഴക്കം ചെന്നതും കേടായതുമായ എ.സി.പൈപ്പുകൾ എടച്ചേരി ജംഗ്ഷൻ മുതൽ അമരാവതി സമ്പ് വരെ മാറ്റി സ്ഥാപിക്കൽ - 440 ലക്ഷം രൂപ) എന്നിവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പുതുതായി ഭരണാനുമതി ലഭിച്ച പദ്ധതികൾ ഉണ്ടെങ്കിൽ അവ ഏതൊക്കെ; | (ഡി) | മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറ എൽ.ഐ സ്കീമിന്റെ ഫീൽഡ് ചാനൽ നിർമ്മാണം Project Maintenance fund ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | ധാരാളം ജല സ്രോതസ്സുകളുള്ള കുറ്റ്യാടി മണ്ഡലത്തിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ ജലവിഭവ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | **ജലസേചന വകുപ്പ്**<br>കുറ്റ്യാടി പുഴയിലെ അധികജലം സംഭരിക്കുന്നതിന് വേണ്ടി പെരിഞ്ചേരിക്കടവ് എന്ന സ്ഥലത്ത് ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിലൂടെ പുഴയിലെ ജലനിരപ്പ് ഉയരുകയും പരിസരപ്രദേശങ്ങളിലെ ജലലഭ്യത വർദ്ധിക്കുകയും ചെയ്യും. കൂടാതെ |

ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായുള്ള ഹരിത കേരളം പദ്ധതിയിൽ കുളങ്ങളുടെ നവീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>ജലനിധി</u>**

ഭൂജലസംരക്ഷണവും പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. തടയണകൾ, കിണർ റീചാർജ്ജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

**<u>കേരള ജല അതോറിറ്റി</u>**

തിരുവല്ലൂർ പഞ്ചായത്തിലെ കയ്യാനകുന്നത്ത് കടിവെള്ള പദ്ധതിയുടെ പ്രവൃത്തി നടന്നു വരുന്നു. കൂടാതെ **ആയഞ്ചേരി** പഞ്ചായത്തിലെ കയ്യടിപ്പാറ കുടിവെള്ള പദ്ധതിക്ക് MLA ADF ൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപ മതിപ്പ് ചെലവിൽ ഒരു പദ്ധതി തയ്യാറാക്കി വരുന്നു

സെക്ഷൻ ഓഫീസർ